# പന്തപ്ലാക്കൽ കുടുംബയോഗം

PFG
2002

## 4 -ാം വാർഷിക സമ്മേളനം

12-11-2005 ശനിയാഴ്ച 9 am to 5 pm

**ഇരിട്ടി - വീർപ്പാട്**

**പന്തപ്ലാക്കൽ ജോണിന്റെ ഭവനത്തിൽ**

To

Sri ..........................................................

..........................................................

..........................................................

പ്രിയ കുടുംബാംഗങ്ങളെ,

നമ്മുടെ കുടുംബ കൂട്ടായ്മയുടെ നാലാം വാർഷിക സമ്മേളനം 12-11-05 ന് രാവിലെ 9 മുതൽ വിപുലമായ പരിപാടികളോടെ കണ്ണൂർ ജില്ലയിൽ ഇരിട്ടിക്കടുത്ത് വീർപ്പാട് പന്തപ്ലാക്കൽ ജോണിന്റെ ഭവനത്തിൽ വെച്ച് നടക്കുകയാണ്. കഴിഞ്ഞ മൂന്ന് സമ്മേളനങ്ങളുടെ വിജയവും അനുഭവങ്ങളും നൽകിയ ആവേശത്തോടെ നാം നാലാമത്തെ വാർഷികം ആഘോഷിക്കുകയാണ്.

വിദൂരങ്ങളിൽ ചിന്നിച്ചിതറിക്കിടക്കുന്ന നമ്മുടെ കുടുംബാംഗങ്ങളെ വർഷത്തിലൊരിക്കൽ ഒന്നിച്ചുചേർക്കുന്ന ശ്രമകരമായ ഈ സംരംഭം ഓരോ വർഷം കഴിയുമ്പോഴും കൂടുതൽ പൂർണ്ണത കൈവരിച്ചുകൊണ്ടിരിക്കുകയാണെന്ന് പറയുവാൻ അഭിമാനം തോന്നുന്നു. ഈ വർഷത്തെ സമ്മേളനം നവംബർ 12 ന് രണ്ടാം ശനിയാഴ്ച നടത്തണമെന്നുള്ള തീരുമാനം കഴിഞ്ഞ സമ്മേളനം ഏകകണ്ഠമായി എടുത്തതാണ്. ആയതുകൊണ്ട് കഴിഞ്ഞ സമ്മേളനങ്ങളിൽ എല്ലാവരും നൽകിയ സഹകരണങ്ങളും ഐക്യബോധവുംഅതിലധികമായി ഈ വർഷവും പ്രതീക്ഷിക്കുകയാണ്.

വിവിധ പ്രദേശങ്ങളിൽ വ്യാപിച്ചു കിടക്കുന്ന നമ്മുടെ മുഴുവൻ കുടുംബാംഗങ്ങളെയും ഈ സമ്മേളനത്തിൽ പങ്കെടുപ്പിക്കുവാൻ ഓരോരുത്തരും പ്രത്യേകിച്ച് എക്സിക്യൂട്ടീവ് കമ്മിറ്റി അംഗങ്ങൾ ആത്മാർത്ഥമായി ശ്രമിക്കണമെന്നപേക്ഷിച്ചുകൊണ്ട്, എല്ലാവരെയും നാലാം സമ്മേളനത്തിലേക്ക് സ്നേഹപൂർവ്വം ക്ഷണിച്ചുകൊള്ളുന്നു.

എന്ന്, നന്ദിപൂർവ്വം

പ്രസിഡണ്ട് - **പി. ടി. ജോസഫ്**

സെക്രട്ടറി - **ചെറിയാൻ മാസ്റ്റർ**

പ്രോഗ്രാം കൺവീനർ - **ജോൺ പന്തപ്ലാക്കൽ,**
വീർപ്പാട്

പേരാവൂർ,
10-10-05.

**NB :- I)** ഈ സമ്മേളനത്തിൽ പങ്കെടുക്കുന്ന താഴെപറയുന്നവരെ പൊന്നാടയും സമ്മാനങ്ങളും നൽകി ആദരിക്കുന്നതാണ്.

1. ഏറ്റവും പ്രായംകൂടിയ കുടുംബാഗം (പുരുഷൻ 1, സ്ത്രീ 1)
2. ഏറ്റവും പ്രായം കൂടിയ ദമ്പതികൾ
3. ഏറ്റവും ഒടുവിൽ വിവാഹിതരായ ദമ്പതിമാർ
4. ഏറ്റവും ഒടുവിൽ ജനിച്ച കുട്ടി
5. ഓരോ വർഷവും എസ്.എസ്.എൽ.സി. പരീക്ഷയിൽ എല്ലാവിഷയത്തിനും എ ഗ്രേഡ് മാർക്കിൽ കൂടുതലും, പ്ലസ്ടു പരീക്ഷയിൽ ഡിസ്റ്റിംഗ്ഷൻ വാങ്ങിയ കുട്ടികൾ
6. ജില്ലാ- സംസ്ഥാന - ദേശീയ - അന്തർദേശീയ തലങ്ങളിൽ കലാ- കായിക - സാഹിത്യ - മതപഠന രംഗങ്ങളിൽ എടുത്ത് പറയത്തക്ക വിജയം നേടിയിട്ടുള്ള കുട്ടികൾ. (സമ്മാനാർഹരായവർ നവംബർ 5 ന് മുമ്പ് 0490 - 2448104 എന്ന നമ്പറിൽ അറിയിക്കുക)
7. ഏറ്റവും കൂടുതൽ അംഗങ്ങളെ യോഗത്തിൽ പങ്കെടുപ്പിക്കുന്ന ഒന്നും, രണ്ടും കുടുംബങ്ങൾ.

**II)** ഓരോ പ്രദേശത്തുള്ളവർ ഒത്തുചേർന്ന് കഴിയുമെങ്കിൽ സ്പെഷ്യൽ വാഹനങ്ങൾ സംഘടിപ്പിച്ച് പരമാവധി അംഗങ്ങളെ സമ്മേളനത്തിൽ എത്തിക്കുവാനും, കൃത്യസമയത്ത് എത്തുവാനും പ്രത്യേകം ശ്രദ്ധിക്കണം. വരുന്നവർ ഫോൺ മുഖേനയോ, കത്തുമുഖേനയോ സമ്മേളനം സംഘടിപ്പിക്കുന്ന കുടുംബനാഥനെ മുൻകൂട്ടി അറിയിച്ചാൽ നന്നായിരിക്കും (ഫോൺ : 0490 - 2455016)

**III)** കലാപരിപാടികൾ അവതരിപ്പിക്കുവാൻ താല്പര്യമുള്ള കുട്ടികളുടെ പേർവിവരം സെക്രട്ടറിയെ മുൻകൂട്ടി അറിയിക്കണം

**IV)** സമ്മേളന സ്ഥലത്തേക്കുള്ള വഴിയിലെ പ്രധാന കവലകളിൽ ബാനർ കെട്ടിയിരിക്കും.

**V)** പൊതുചർച്ചയ്ക്ക് മുമ്പ് ഒരുമണിക്കൂർ കൊണ്ട് തീരുന്ന ഒരു ഡിബേറ്റ് സംഘടിപ്പിക്കുന്നതാണ്. വിഷയം - "**കുടുംബയോഗങ്ങൾ അനിവാര്യമാണോ അല്ലയോ** ?"

**VI)** നിലവിലുള്ള ഭാരവാഹികളുടെ കാലാവധി തീരുന്നതുകൊണ്ട് ഈ സമ്മേളനത്തിൽ പുതിയ ഭാരവാഹികളെ തെരഞ്ഞെടുക്കുന്നതാണ്

പന്തപ്ലാക്കൽ കുടുംബയോഗത്തിന്റെ വെബ്സൈറ്റ്
ഈ സമ്മേളനത്തിൽ ഉദ്ഘാടനം ചെയ്യപ്പെടുന്നു

# പന്തപ്ലാക്കൽ കുടുംബയോഗം ഭാരവാഹികൾ

<u>രക്ഷാധികാരി</u>
റവ. ഫാ. തോമസ് പന്തപ്ലാക്കൽ സി.എം.ഐ.,
ജനറലേറ്റ് ഹൗസ് എറണാകുളം, Ph : 0484 2378537

<u>പ്രസിഡണ്ട്</u>
**പി. ടി. ജോസഫ് (അപ്പച്ചൻ)**, പേരാവൂർ, Ph :0490 2444485

<u>വൈ. പ്രസിഡണ്ട്</u>
**ജോസഫ് (ഔസേപ്പച്ചൻ)**, ആലക്കോട്

<u>സെക്രട്ടറി :</u> **പി. ജെ. ചെറിയാൻ മാസ്റ്റർ**, പേരാവൂർ,
Ph : 0490 2448104

<u>ജോ. സെക്രട്ടറി :</u>
**പി. വി. ജോർജ്ജ്**, മണത്തണ, ഓടംതോട്

<u>ട്രഷറർ :</u> **ബേബി**, കുപ്പായക്കോട്, താമരശ്ശേരി

<u>**എക്സിക്യുട്ടീവ് കമ്മറ്റി അംഗങ്ങൾ**</u>
**ജോണി മാത്യു**, കൊട്ടിയൂർ
**ജോണി ജോൺ**, കുറ്റ്യാടി, ചവറംമൂഴി
**ജോസ് പി. റ്റി.**, മണത്തണ, ഓടംതോട്
**ഏലിക്കുട്ടി ജോസഫ്**, മണത്തണ, ഓടംതോട്
**ജോസഫ് പി. വി.**, മണത്തണ, ഓടംന്തോട്
**ആൻസി സെബാസ്റ്റ്യൻ**, തോലമ്പ്ര
**ടോമി എ. ജെ.**, വീർപ്പാട്, ഇരിട്ടി
**മറിയക്കുട്ടി ടീച്ചർ, വാഴക്കാമലയിൽ**, കൂരാച്ചുണ്ട്,
കാറ്റുള്ളമല

**പാപ്പച്ചൻ**, കപ്പാട്, കാഞ്ഞിരപ്പള്ളി
**റിജു മോൻ**, മൈലാംപെട്ടി, ആലക്കോട്
**മോളി ജോയി**, പശുക്കടവ്, കുറ്റ്യാടി
**പി. എം. മത്തായി**, കിഴക്കമ്പലം, ആലുവ

<u>**യുവജന വിഭാഗം**</u>
<u>പ്രസിഡണ്ട് :</u> **മനോജ് ബേബി**, താമരശ്ശേരി
<u>സെക്രട്ടറി :</u> **തോമസ് പി. ജെ.**, പേരാവൂർ

